6. 2012-13 വർഷത്തിൽ ജെറിയാട്രിക് ടോയ്‌ലെറ്റിനായി അനുവദിച്ചിട്ടുള്ള 1.5 ലക്ഷം രൂപയിൽ 1,49,982 രൂപ മാത്രം വിനിയോഗിച്ച് ജെറിയാട്രിക് ടോയ്‌ലറ്റ് ആരംഭിച്ചു

7. 2015-16 വർഷത്തിൽ മെഡിക്കൽ റെക്കോർഡ് ലൈബ്രറിക്ക് 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കി വരുന്നു.

യോഗ്യതയില്ലാത്തവർ രക്തം ശേഖരിക്കുന്നതായ പരാതി

120 (809) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യോഗ്യതയില്ലാത്തവർ രക്തം ശേഖരിക്കുന്നതുമൂലം രക്തത്തിൽ അണുബാധയുണ്ടായതായ പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരത്തുള്ള രക്ത ബാങ്കിൽ എത്ര നഴ്സുമാരുണ്ട്, അവർ എന്ത് ജോലിയാണ് നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) യോഗ്യതയില്ലാത്തവർ രക്തം ശേഖരിക്കുന്നതുമൂലം രക്തത്തിൽ അണുബാധയുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തിരുവനന്തപുരം ജില്ലയിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ രണ്ട് രക്ത ബാങ്കുകളാണ് നിലവിലുള്ളത്. ജനറൽ ആശുപത്രിയോട് അനുബന്ധിച്ചും തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയോട് അനുബന്ധിച്ചുമാണ് ഈ രക്ത ബാങ്കുകൾ പ്രവർത്തിക്കുന്നത്. പ്രസ്തുത രക്ത ബാങ്കുകളിൽ ഓരോ സ്റ്റാഫ് നഴ്സുമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. *തിരുവനന്തപുരം മെഡിക്കൽ കോളേജിലെ രക്ത ബാങ്കിൽ രണ്ട് നഴ്സുമാർ ജോലി ചെയ്യുന്നു. നഴ്സുമാരുടെ ജോലി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

പകർച്ചവ്യാധികളുടെ നിയന്ത്രണം

121 (810) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഓരോ വർഷവും എലിപ്പനി, ഡങ്കിപ്പനി , ഹെപ്പറ്റൈറ്റിസ്, മലേറിയ തുടങ്ങിയ വിവിധ അസുഖങ്ങൾമൂലം എത്രപേർ മരണപ്പെട്ടു എന്നുള്ള ആരോഗ്യവകുപ്പിന്റെ ഔദ്യോഗിക കണക്കുകൾ വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly